2009, ഖുത്വ്ബ നമ്പര്‍-47

بسم الله الرحمن الرحيم

20.11.2009
ബയ്ത്തുല്‍ ഫുതൂഹ്,
ലണ്ടന്‍

# അല്ലാഹുവിന്റെ വലിമാരാകുക. വലി പൂജകരാകരുത്

مَثَلُ الَّذِيْنَ اتَّخَذُوْا مِنْ دُوْنِ اللّٰهِ اَوْلِيَآءَ كَمَثَلِ الْعَنْكَبُوْتِ ۚ اِتَّخَذَتْ بَيْتًا ۭ وَاِنَّ اَوْهَنَ الْبُيُوْتِ لَبَيْتُ الْعَنْكَبُوْتِ ۘ لَوْ كَانُوْا يَعْلَمُوْنَ ۝ (29:42)

അല്ലാഹുവിനെ വിട്ട് മറ്റുള്ളവരെ തങ്ങളുടെ രക്ഷകര്‍ത്താക്കളായി വച്ചിട്ടുള്ളവരുടെ സ്ഥിതി ചിലന്തിയുടെ സ്ഥിതിപോലെയാണ്. അത് ഒരു വീടുണ്ടാക്കി. വാസ്തവത്തില്‍, വീടുകളില്‍ വച്ചേറ്റവും ബലഹീനമായത് ചിലന്തിയുടെ വീടാണ്. അവര്‍ അറിയുന്നവരായിരുന്നെങ്കില്‍ എത്ര നന്നായേനെ(29:42)

ഈ ആയത്ത് അന്‍കബൂത്ത് എന്ന അധ്യായത്തിലെ ആയത്താണ്. അല്ലാഹുവിന്റെ സന്നിധാനം വിട്ടുകൊണ്ട് മറ്റുള്ളവരുടെ സന്നിധാനത്ത് പോകുന്ന ദുര്‍ഭാഗ്യവാന്മാരെകുറിച്ചാണ് ഈ ആയത്തില്‍ അല്ലാഹു പരാമര്‍ശിക്കുന്നത്. അവര്‍ അല്ലാഹുവുമായുള്ള സുഹൃദ്ബന്ധം ഉപേക്ഷിച്ചുകൊണ്ട് മറ്റുള്ളവരുമായി കൂട്ടുകൂടുന്നവരാണ്. താല്‍കാലികവും നൈമിഷികവുമായ നേട്ടങ്ങളെ മുന്നില്‍ കണ്ടുകൊണ്ട് സ്ഥിരവും സ്ഥായിയുമായ നേട്ടങ്ങളെ അവര്‍ അവഗണിച്ചുകളയുന്നു. ഭൗതികമായ സ്ഥാനമാനങ്ങള്‍ കണ്ടുകൊണ്ട് ദൈവപ്രീതി കരസ്ഥമാക്കുന്നതിനെ അവര്‍ വിസ്മരിച്ചുകളയുന്നു. ജനങ്ങളുടെ പ്രീതിക്കായി സ്രഷ്ടാവിന്റെ പ്രീതിയെ അവര്‍ മറക്കുന്നു. അല്ലാഹുവിനെ രക്ഷാകര്‍ത്താവായി സ്വീകരിക്കുന്നതിനു പകരം ദൈവേതരങ്ങളെ അവര്‍ രക്ഷകര്‍ത്താക്കളായി സ്വീകരിക്കുന്നു. അല്ലാഹുവിന്റെ സുശക്തമായ കോട്ടയില്‍ വരുന്നതിനുപകരം ചിലന്തിയുടെ ബലഹീനമായ വീടിനെ തങ്ങളുടെ സുരക്ഷിത താവളമായി അവര്‍ കരുതുന്നു.

ഈ ആയത്തിനു തൊട്ടുമുമ്പുള്ള ആയത്തുകളില്‍ ആദ്, സമൂദ് എന്നീ സമൂഹങ്ങളെക്കുറിച്ച് പറയുന്നുണ്ട്. കാറൂന്‍, ഹാമാന്‍, ഫിര്‍ഔന്‍ എന്നിവരെക്കുറിച്ചും പരാമര്‍ശിക്കുന്നുണ്ട്. അല്‍പംകൂടി പിറകോട്ട് പോവുകയാണെങ്കില്‍ ലൂത്വിന്റെ സമൂഹത്തെ സംബന്ധിച്ചും പരാമര്‍ശം കാണാവുന്നതാണ്. അവരുടെ എല്ലാവരുടെയും പര്യവസാനത്തെക്കുറിച്ചും വിവരിക്കുന്നുണ്ട്. അവരുടെ നാശത്തിന് കാരണം അവര്‍ അല്ലാഹുവിനെ മറന്നുകൊണ്ട് ജീവിച്ചു എന്നതായിരുന്നു. ലൗകികമായ നേട്ടമായിരുന്നു അവരുടെ ലക്ഷ്യം. അവരുടെ സാമൂഹികശക്തിയോ സമ്പത്തോ ഉയര്‍ന്ന കൊട്ടാരങ്ങളോ പര്‍വ്വതങ്ങളില്‍ നിര്‍മ്മിക്കപ്പെട്ട സുരക്ഷിത ഭവനങ്ങളൊ അല്ലാഹുവിന്റെ തീരുമാനത്തിനു മുമ്പില്‍ ഒരു പ്രയോജനവും ചെയ്തില്ല. സമൂഹങ്ങള്‍ നശിപ്പിക്കപ്പെട്ടത് എങ്ങനെയാണെന്ന് പരാമര്‍ശിച്ചുകൊണ്ടുള്ള വിശുദ്ധ ഖുര്‍ആന്റെ വിവരണം വിവിധസ്ഥലങ്ങളില്‍ നമുക്ക് കാണാന്‍ സാധിക്കുന്നതാണ്. അല്ലാഹുവിനെ തങ്ങളുടെ അഭയസ്ഥാനമായി കാണുന്നതിന് പകരം താല്‍ക്കാലിക അഭയകേന്ദ്രങ്ങളില്‍ അവര്‍ ശരണം പ്രാപിച്ചു. ഈ സമൂഹങ്ങളുടെ സംഭവങ്ങള്‍ വിവരിച്ചുകൊണ്ട് നമ്മേയും അല്ലാഹു തട്ടിയുണര്‍ത്തുകയാണ് ചെയ്യുന്നത്. വിശ്വാസപ്രഖ്യാപനം കൊണ്ട് മാത്രം കാര്യമായില്ല എന്ന് നിങ്ങള്‍ മസ്സിലാക്കണം. അല്ലാഹുവിനെ തങ്ങളുടെ വലിയാക്കി മാറ്റണം. അവന്റെ അഭയത്തില്‍ വരുന്നതിന് അവനുമായുള്ള ബന്ധം നിലനിര്‍ത്താന്‍ ശ്രമിക്കണം. ഹാമാന്റെ സ്ഥാനമാനങ്ങളോ ഭരണമോ ആരെയും നാശത്തില്‍നിന്ന് കഴിഞ്ഞകാലങ്ങളില്‍ രക്ഷപ്പെടുത്താന്‍ കഴിയാഞ്ഞതുപോലെ ഭാവിയിലും രക്ഷിക്കാന്‍ സാധ്യമല്ല. കാറൂന്റെ സമ്പത്തും പണവും ഭൂതകാലത്ത് അയാളുമായി ബന്ധപ്പെട്ടു നില്‍ക്കുന്നവരെയോ അയാളെതന്നെയോ രക്ഷപ്പെടുത്താഞ്ഞതുപോലെ ഇന്നും ആരുടെയും സമ്പത്തും ധനവും ദൈവപ്രീതിക്ക് വിരുദ്ധമായി ചരിക്കുന്ന ആരെയും ദൈവകോപത്തില്‍ നിന്ന് രക്ഷപ്പെടുത്തുന്നതല്ല. കാറൂന്റെ സമ്പത്ത് മുമ്പും ആരുടെയും വിശപ്പ് ശമിപ്പിച്ചിട്ടില്ല. ഇപ്പോഴും ശമിപ്പിക്കാന്‍ അതിന് കഴിയില്ല. ഫിര്‍ഔന്‍ ആര്‍ക്കും ഒരു ഗുണവും ചെയ്തിട്ടില്ല. ഫിര്‍ഔന്റെ ദാസ്യവേല ചെയ്തതുകൊണ്ട് ഹാമാനോ കാറൂനോ രക്ഷപ്പെട്ടില്ല. ഈ അഭയകേന്ദ്രങ്ങളെല്ലാം വെറും ചിലന്തിവലക്ക് തുല്യം.

ഇന്നും ലോകം സമ്പന്നരുടെ സമ്പത്തില്‍ കണ്ണും നട്ടിരിക്കുകയാണ്. നമുക്കും അത് ലഭിച്ചിരുന്നെങ്കില്‍ എന്ന് നെടുവീര്‍പ്പിടുകയാണ്. അവര്‍ സമ്പന്നരായതുപോലെ നമ്മുടെ പക്കലും സമ്പത്ത് ഉണ്ടായിരുന്നെങ്കില്‍,സമ്പന്നരില്‍ നാമും ഉള്‍പ്പെട്ടിരുന്നെങ്കില്‍ എന്ന് ഓരോരുത്തരും ആഗ്രഹിക്കുന്നു. സമ്പന്നരാഷ്ട്രങ്ങളില്‍ നിന്നും കടമെടുക്കാനും അവരുടെ ആശ്രയത്തില്‍ കഴിയാനും ദരിദ്രരാഷ്ട്രങ്ങള്‍ ശ്രമിക്കുന്നു. അവര്‍ കരുതുന്നത് ഇതിലാണ് നാടിന്റെ വളര്‍ച്ച ഉണ്ടാവുക എന്നാണ്. സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും മൂല്യങ്ങളെ ചൂഷകനേതൃത്വം കുരുതികൊടുക്കുന്നു. പല നാടുകളുടെയും രഹസ്യ അജണ്ട പുറത്ത് വന്നതോടുകൂടി ലോകം ഇക്കാര്യം അറിയാന്‍ തുടങ്ങിയിരിക്കുന്നു. മുസ്‌ലിം നാടുകളിലെ പല നേതാക്കന്മാരും തങ്ങളുടെ നാട്ടിനെ പണയപ്പെടത്തിയിരിക്കുകയാണ്. അവര്‍ക്ക് ഇതിന്റെ ഒരാവശ്യവും ഉണ്ടായിരുന്നില്ല. കാരണം സമ്പത്തിന്റെ കൂമ്പാരം അവരുടെ പക്കലുണ്ടായിരുന്നതാണ്. അല്ലാഹുവില്‍ ദൃഢവിശ്വാസം നഷ്ടപ്പെട്ടതുകൊണ്ട് തങ്ങളുടെ ഭരണകൂടത്തിന്റെ നിലനില്‍പ്പിനുള്ള ആശ്രയം തേടുകയാണവര്‍. എന്നാല്‍ അല്ലാഹു പറയുന്നത് കാറൂന്റെ സമ്പത്ത് അവന് ഒരു ഗുണവും ചെയ്യാഞ്ഞതുപോലെ ഫിര്‍ഔന്റെ ശക്തി അവന് ഒരു പ്രയോജനവും ചെയ്യാഞ്ഞതുപോലെ, അല്ലാഹുവിന്റെ വിധി നടപ്പില്‍ വന്നുകഴിഞ്ഞാല്‍ ആരാലും അതിനെ തട്ടിമാറ്റാന്‍ സാധ്യമല്ല എന്നാണ്.

ആദ്യകാല സംഭവങ്ങള്‍ വിശുദ്ധ ഖുര്‍ആനില്‍ വിവരിച്ചിരിക്കുന്നത് നമ്മെ ചരിത്രം പഠിപ്പിക്കാനല്ല. ഒരു വിശ്വാസിയുടെ വിശ്വാസവര്‍ദ്ധനവിനായിട്ടാണ്. അതോടൊപ്പം ഒരാത്മപരിശോധനക്ക് സ്വയം വിധേയനാകുന്നതിന് വേണ്ടിയാണ്. കാറൂന്റെ സംഭവം വിവരിച്ചതിന് ശേഷം അയാളുടെ നാശത്തെക്കുറിച്ച് വിശുദ്ധഖുര്‍ആനില്‍ അല്ലാഹു പറയുന്നത് കാണുക:

فَخَسَفۡنَا بِهٖ وَبِدَارِهِ الۡاَرۡضَ  فَمَا كَانَ لَهٗ مِنۡ فِئَةٍ يَّنۡصُرُوۡنَهٗ مِنۡ دُوۡنِ اللّٰهِ  وَمَا كَانَ مِنَ الۡمُنۡتَصِرِيۡنَ ﴿۸۲﴾

(28:82)

എന്നിട്ട് നാം അവനേയും അവന്റെ വസതിയേയും ഭൂമിയിൽ ആഴ്ത്തിക്കളഞ്ഞു. അപ്പോൾ, അല്ലാഹുവിന് പുറമേ അവനെ സഹായിക്കുന്ന ഒരു സംഘവുമുണ്ടായില്ല. അവർ സ്വയം ഏതെങ്കിലും തന്ത്രത്തിലൂടെ രക്ഷ പ്രാപിച്ചവരിൽ ഉൾപ്പെടുകയും ചെയ്തില്ല.

ചുരുക്കത്തിൽ അല്ലാഹുവിന്നെതിരിൽ അയാളുടെ സമ്പത്തോ സുഹൃത്വലയമോ ഒരു ഗുണവും ചെയ്തില്ല. ചിലർ സമ്പത്തിന്റെ പേരും പറഞ്ഞ് സമ്പന്നരോടൊപ്പം കൂട്ടുകൂടുകയും അല്ലാഹുവിനെ മറന്നുകൊണ്ട് അവരെ ആശ്രയിക്കുന്ന ഒരവസ്ഥയിലേക്ക് താരംതാണുപോകുകയും ചെയ്യുന്നു. കഴിഞ്ഞ വർഷം വലിയ സാമ്പത്തികമാന്ദ്യം മുഖേന അല്ലാഹു ലോകത്തെയൊന്നടങ്കം ഒന്നു പിടിച്ചു കുലുക്കുകയുണ്ടായി. ഈ ആഘാതത്തിൽ നിന്നും ഇതു വരെ ലോകം മുക്തമായിട്ടില്ലെന്ന് മാത്രമല്ല, അതിന്റെ തിക്തഫലം ഇപ്പോഴും പ്രകടമായിക്കൊണ്ടിരിക്കുകയാണ്. സാമ്പത്തികസ്ഥിരത കൈവരിച്ചിരിക്കുന്നു എന്നൊക്കെ പറയുന്നുണ്ടെങ്കിലും ഇപ്പോഴും ജോലിക്കുറവും പിരിച്ചുവിടലും നിർബാധം തുടരുന്നു. നിത്യേന ഏതെങ്കിലും കമ്പനി അതിന്റെ ഉദ്യോഗസ്ഥരെ പിരിച്ചുവിട്ടുകൊണ്ടിരിക്കുന്നു. നിക്ഷേപം ഇറക്കുന്നവർ ഇപ്പോഴും ഭയത്തിലാണ്.

ഇതേപോലെ ശക്തികൊണ്ട് രക്ഷപ്പെടും എന്ന് ചിലർ കരുതുന്നു. ഫിർഔൻ ശക്തികൊണ്ട് രക്ഷപ്പെടും എന്ന് കരുതിയവനാണ്. ശക്തിയെ എടുത്തു പറഞ്ഞപ്പോൾ വിശുദ്ധഖുർആൻ ഫിർഔനെയാണ് ഉദാഹരിച്ചു പറഞ്ഞത്. എന്നാൽ ഫിർഔന്റെ നാശത്തിന്റെ സമയം വന്നപ്പോൾ അയാൾക്ക് അയാളുടെ അധികാരം നിലനിർത്താൻ സാധിച്ചില്ല. എന്നുമാത്രമല്ല, ദൈവമാണെന്ന ആ മനുഷ്യന്റെ വാദം പോലും അയാളെ രക്ഷിച്ചില്ല. ഒരു ഭാഗത്ത് അയാളുടെ പ്രഖ്യാപനം ഇതായിരുന്നു.

فَاجۡعَلۡ لِّىۡ صَرۡحًا لَّعَلِّىۡۤ اَطَّلِعُ اِلٰٓى اِلٰهِ مُوۡسٰى ۙ وَاِنِّىۡ لَاَظُنُّهٗ مِنَ الۡـكٰذِبِيۡنَ ﴿۳۹﴾

(28:39)

എനിക്ക് ഒരു ഉയർന്ന ഗോപുരം പണിയുക. ഞാൻ മൂസയുടെ ദൈവത്തിന്റെ നേരെ ഒന്ന് നോക്കട്ടെ. അവൻ കള്ളവാദികളിൽപെട്ടവൻ തന്നെയാണെന്ന് ഞാൻ വിചാരിക്കുന്നു.(28:39). എന്നാൽ ഈ ഫിർഔൻ അല്ലാഹുവിന്റെ പിടുത്തത്തിൽ വന്നപ്പോൾ ബനീ ഇസ്റാഈലിന്റെ നാഥനിൽ ഞാൻ വിശ്വസിക്കുന്നു എന്നു പ്രഖ്യാപിക്കുന്നു. വിശുദ്ധ ഖുർആനിൽ അത് ഇപ്രകാരമാണ് വിവരിക്കുന്നത് :

حَتّٰۤى اِذَاۤ اَدۡرَكَهُ الۡغَرَقُ ۙ قَالَ اٰمَنۡتُ اَنَّهٗ لَاۤ اِلٰهَ اِلَّا الَّذِىۡۤ اٰمَنَتۡ بِهٖ بَنُوۡۤا اِسۡرَآءِيۡلَ وَاَنَا مِنَ الۡمُسۡلِمِيۡنَ ﴿۹۱﴾ (10:91)

ഒടുവിൽ മുങ്ങിമരിക്കുന്ന വിപത്ത് അവനെ പിടികൂടിയപ്പോൾ അവൻ പറഞ്ഞു. ബനൂഇസ്റാഈൽ വിശ്വസിച്ചിട്ടുള്ള ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവനല്ലാതെ മറ്റൊരു ദൈവവുമില്ല. ഞാൻ യഥാർത്ഥ അനുസാരികളിൽ പെട്ടവനുമാകുന്നു.

ഒരു ഭാഗത്ത് ഉയർന്ന ഗോപുരത്തിൽ കയറി താൻ മൂസയുടെ ദൈവത്തെ ഒന്ന് വീക്ഷിക്കട്ടെ എന്ന് പരിഹാസം നിറഞ്ഞ വാദം. മറുഭാഗത്ത് മരണം മുഖാമുഖം കണ്ടപ്പോൾ ബനീഇസ്റാഈലിന്റെ ദൈവത്തിൽ താൻ വിശ്വസിക്കുന്നു എന്ന വിനയത്തിന്റെ പ്രഖ്യാപനം. ഫിർഔന്റെ ദൃഷ്ടിയിൽ താഴ്ന്ന ജാതിയിൽപ്പെട്ട ബനൂഇസ്റാഈൽ എന്ന സമൂഹം, തുച്ഛമായ കൂലിവേല ചെയ്തു ജീവിച്ച ആ സമൂഹം, ആ സമൂഹത്തിന്റെ ദൈവത്തിന്റെ പേരാണ് അവസാന നിമിഷത്തിൽ ആ ഫിർഔന് പറയേണ്ടി വന്നത്. മൂസയുടെ ദൈവത്തിന്റെ പേരാണ് പറഞ്ഞിരുന്നെങ്കിൽ അതിൽ അത്ര നിന്ദ്യത ഇല്ലായിരുന്നു. കാരണം മൂസ (അ) അയാളുടെ വീട്ടിൽ വളർന്ന വ്യക്തിയാണ്. ഇതുകാരണം അദ്ദേഹത്തെ മാന്യനായി കരുതപ്പെട്ടിരുന്നതാണ്. എന്നാൽ മരണസമയത്ത് ആ വ്യക്തിയെക്കൊണ്ട് അല്ലാഹു പറയിപ്പിച്ച വാക്കുകൾ അയാളുടെ അപമാനവും നിന്ദ്യതയുമാണ് പ്രകടമാക്കുന്നത്.

ചുരുക്കത്തിൽ, ലോകത്തിലെ പ്രതാപത്തിന്റെ അവസ്ഥയാണ് അല്ലാഹു ഇവിടെ വരച്ചുകാട്ടുന്നത്. ഭൗതികപ്രതാപത്തിന്റെ അവസ്ഥ ഇന്നും ഇത്തരത്തിലായിരിക്കുമെന്നാണ് അല്ലാഹു വിവരിക്കുന്നത്. എന്നിട്ടും ഭൗതികർക്ക് ഇത് മനസ്സിലാകുന്നില്ല. ഇന്ന് ആർക്കെങ്കിലും ഭരണം ലഭിക്കുന്നതിരിക്കട്ടെ, ഏതെങ്കിലും പാർലിമെന്റ് മെമ്പറുടെ ബന്ധുവിനോട് ആർക്കെങ്കിലും ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞാൽതന്നെ താൻ വലിയ എന്തോ ആയെന്നും മറ്റുള്ളവർ ഒന്നുമല്ലെന്നും കരുതാൻ തുടങ്ങുന്നു. പ്രത്യേകിച്ച് വികസ്വരരാഷ്ട്രങ്ങളിൽ ഈ ഒരു രോഗം വളരെ കൂടുതലായി കാണാൻ സാധിക്കുന്നതാണ്. പാകിസ്താനിൽ ഇത് വളരെ കൂടുതലാണ്. ചില ഓഫീസർമാരുമായുള്ള ബന്ധം കാരണം ഭരണത്തിന്റെ സ്വാധീനം മുഖേന അക്രമം ചെയ്യിപ്പിക്കുന്നു. എന്നാൽ യഥാർത്ഥ ഭരണം അല്ലാഹുവിന്റെതാണെന്ന കാര്യം അക്രമം ചെയ്യുന്നവർ മനസ്സിലാക്കുന്നില്ല. അല്ലാഹുവിന്റെ തക്ദീർ നടപ്പിൽ വരാൻ തുടങ്ങിക്കഴിഞ്ഞാൽ കൊമ്പന്മാരായ ഫിർഔന്ന് പോലും നിന്ദ്യത ദർശിക്കേണ്ടതായി വരുന്നതാണ്.

എന്നാൽ അല്ലാഹുവിന്റെ പേര് ഉച്ചരിച്ചതുകൊണ്ട് മാത്രം അല്ലാഹുവിന്റെ ഭയം ഹൃദയത്തിൽ ഉണ്ടായിത്തീരുന്നതല്ല. ശക്തിയുണ്ടായിട്ടും അല്ലാഹുവിനെ ഭയപ്പെടുന്നവരും നീതിയുടെ എല്ലാ തേട്ടവും പൂർത്തിയാക്കുന്നവരുമാണ് യഥാർത്ഥത്തിൽ ദൈവഭയമുള്ളവർ. അല്ലാതെ തങ്ങൾക്ക് ദൈവഭയമുണ്ടെന്ന വാദമെല്ലാം വെറും പൊയ് വാക്കുകൾ മാത്രമാണ്.

അല്ലാഹുവിന്റെ പേരും പറഞ്ഞ് അക്രമത്തിൽ അതിരുകടക്കുന്നവർ അല്ലാഹുവിന്റെ ശക്തിപ്രഭാവത്തിൽ അൽപം പോലും വിശ്വാസമില്ലാത്തവരാണ്. ഇക്കൂട്ടർ സമൂഹത്തിലെ സ്വാധീനം കാരണം അല്ലാഹുവിന്റെ നാമം ഉച്ചരിക്കുന്നു എന്ന് മാത്രം. ഇങ്ങനെയുള്ളവർ ചിലന്തിവലയിൽ അഭയം തേടിയവരാണ്. ചിലന്തിവലയെ ഒരു കൊച്ചു കാറ്റ്പോലും തകർത്തുകളയുന്നതാണ്. ഇവർ തങ്ങളുടെ സമ്പത്തിലും തങ്ങളുടെ ബന്ധങ്ങളിലും ശക്തിയിലും തങ്ങളുടെ പാർട്ടിയിലും ജനപിന്തുണയിലുമാണ് ആശ്രയം കണ്ടെത്തുന്നത്. അതേപോലെ വമ്പൻ ഭരണകൂടങ്ങളുമായുള്ള തങ്ങളുടെ

ബന്ധത്തിലും അവർ അഭയം കണ്ടെത്തുന്നു. എന്നാൽ തങ്ങളുടെ ആവശ്യങ്ങൾ നിറവേറിക്കഴിഞ്ഞാൽ ഈ ഭരണകൂടങ്ങളും അവരിൽ നിന്നും കണ്ണ് വെട്ടിച്ച് അവരെ അവഗണിച്ചു തള്ളുമെന്ന് ഇക്കൂട്ടർ അറിയുന്നില്ല.

എന്നാൽ കൂറ് പുലർത്തുന്ന അസ്തിത്വം അല്ലാഹു ഒരുവൻ മാത്രമാണ്.അതുകൊണ്ട് അല്ലാഹുവിനോടുള്ള തഖ്‌വ സ്വയാത്തമാക്കാൻ തുടരെ തുടരെ മുസ്‌ലിംകളോട് അവൻ കൽപിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹുവിനോടുള്ള യഥാർത്ഥ ഭയം നിങ്ങളുടെ ഹൃദയങ്ങളിൽ സൃഷ്ടിക്കുക. അല്ലാഹുവിനെ തങ്ങളുടെ കവചമായി കാണുക. നിലനിൽക്കുന്നവനും സർവ്വശക്തിമാനും അല്ലാഹു മാത്രമാണെന്ന സത്യം മനസ്സിലാക്കുക. അതുകൊണ്ട് അവനെ മാത്രം തങ്ങളുടെ രക്ഷാസങ്കേതമായി കാണുക.

വിവിധ കഴിവുകളെ ഉപയോഗപ്പെടുത്തുക എന്നതും ബന്ധങ്ങളെ സ്ഥാപിക്കുക എന്നതും അത് പ്രയോജനപ്പെടുത്തുക എന്നതും അനുവദനീയം മാത്രമല്ല, ആവശ്യം കൂടിയാണ്. വിവിധ തരം കഴിവുകൾ നൽകിയതും അല്ലാഹുവാണ്. പരസ്പരമുള്ള സാമൂഹ്യബന്ധം നിലനിർത്തുന്നതും പരസ്പരം സഹായിക്കുന്നതും എല്ലാം സാമൂഹികജീവിതം സുഗമമായി മുന്നോട്ട് കൊണ്ട് പോകുന്നതിന് ആവശ്യമാണ്. എന്നാൽ ഈ കഴിവുകളും ബന്ധങ്ങളുമാണ് സർവ്വസ്വവും എന്ന ചിന്ത ഒരിക്കലും ഒരു വിശ്വാസിക്ക് ഉണ്ടാകാൻ പാടില്ല. യഥാർത്ഥ ആശ്രയം അല്ലാഹുവാണ്. ഇതാണ് എപ്പോഴും മുമ്പിൽ വെക്കേണ്ടത്. അല്ലാഹുവിന്റെ സംരക്ഷണവും സഹായവും ഇല്ലെങ്കിൽ ഭൗതിക കഴിവുകളും ബന്ധങ്ങളും അൽപം പോലും ഫലം നൽകുന്നതല്ല. അല്ലാഹു വിശുദ്ധഖുർആന്റെ ആദ്യ സൂറത്തിൽ തന്നെ വിശ്വാസിക്ക് തന്റെ സ്ഥാനം കരസ്ഥമാക്കുന്നതിനുള്ള രീതി പഠിപ്പിച്ചുകൊടുക്കുന്നുണ്ട്. നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുക.

إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ۝

അല്ലാഹുവിനെ തന്നെ ഞങ്ങൾ ആരാധിക്കുന്നു. അതിന്നായി സഹായവും അവനോട് തന്നെ തേടുന്നു. ആരാധിക്കുവാനുള്ള കഴിവും അവൻതന്നെ നൽകട്ടെ. അതേപോലെ ഞങ്ങളുടെ ആവശ്യങ്ങളും അവൻതന്നെ പൂർത്തിയാക്കിത്തരട്ടെ. ഈ പ്രാർത്ഥന അഞ്ചുനേര ഫർള് നമസ്കാരങ്ങളിലും സുന്നത്തുകളിലും നഫലുകളിലും ചൊല്ലണം എന്ന് നിർബന്ധമാക്കിയിരിക്കുന്നു. അത്രയും പ്രാധാന്യമുണ്ട് ഈ ദുആക്ക്. അല്ലാഹുവിനെത്തന്നെയാണ് ശരിക്കും ആരാധിക്കേണ്ടത് എന്ന ബോധം എപ്പോഴും ഉണ്ടായിരിക്കുന്നതിന് വേണ്ടിയാണ് ഈ കൽപന. അതേപോലെ സഹായവും ശരിക്കും അവനോട് തന്നെ തേടുക. എല്ലാ ആഗ്രഹപൂർത്തീകരണത്തിനും പരിശ്രമങ്ങളുടെ ഉത്തമപര്യവസാനത്തിനും ആദ്യം ദൃഷ്ടി പതിയേണ്ടത് അല്ലാഹുവിലേക്കാണ്. അതിനുശേഷം തന്റെ കഴിവുകളിലേക്ക് ശ്രദ്ധിക്കുക. അപ്പോഴും ഈ പരിശ്രമത്തിന്റെ ഫലം നൽകേണ്ടത്, ഈ ബന്ധങ്ങളിൽ അനുഗ്രഹം ചൊരിയേണ്ടത് അല്ലാഹുവാണെന്ന ചിന്ത ഉണ്ടായിരിക്കണം. ഈ ഒരു ആദർശത്തിൽ നിന്നും മുഖം തിരിക്കുന്നവൻ അല്ലാഹു തനിക്കായി മലർക്കെ തുറന്നിടാൻ ഉദ്ദേശിച്ചിട്ടുള്ള വിജയകവാടം തനിക്കായി കൊട്ടി അടക്കുകയാണ് ചെയ്യുന്നത്. അങ്ങനെ തന്റെ നാശത്തിന്റെ കുഴിയാണ് അവൻ തോണ്ടുന്നത്. അതോടുകൂടി ഭൗതികവും ആത്മീയവുമായ തകർച്ചയിലേക്ക് അവൻ കൂപ്പുകുത്തുന്നു.

ഒരു വിശ്വാസിയെ സംബന്ധിച്ചേടത്തോളം ആത്മീയതയും തഖ്‌വയും സുപ്രധാന കാര്യങ്ങളാണ്. അല്ലാഹു ചിലന്തിവലയെ ഉദാഹരിച്ചുകൊണ്ട് പറഞ്ഞു തരുന്നത് ഇതാണ്. മതത്തിലെ അംഗത്വ പ്രഖ്യാപനം കൊണ്ട് കാര്യമായില്ല. മതത്തിന്റെ ലേബൽ ഒട്ടിച്ചതുകൊണ്ടോ അതിന്റെ വേഷം ധരിച്ചതുകൊണ്ടോ മനുഷ്യന് മോക്ഷം പ്രാപിക്കാൻ സാധ്യമല്ല. മോക്ഷം എന്നത് അല്ലാഹുവിന്റെ കൃപയും അവന്റെ അദ്ധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നതിലൂടെയുമാണ് ലഭിക്കുന്നത്. മതത്തെ ഏതൊരു ലക്ഷ്യപ്രാപ്തിക്കായാണോ അല്ലാഹു അയച്ചിരിക്കുന്നത്; അതിന്റെ അന്തഃസത്ത കരസ്ഥമാക്കുന്നതിലൂടെയാണ് മോക്ഷപ്രാപ്തി കരഗതമാകുന്നത്. മതത്തിന്റെ അന്തഃസത്ത ദൈവവുമായി ബന്ധം സ്ഥാപിക്കുക എന്നതാണ്. ലക്ഷ്യം ഇതായിരിക്കെ ഒരു മാന്യൻ ചെയ്യേണ്ടത് അല്ലാഹുവിനെ അന്വേഷിക്കലാണ്. വിശുദ്ധഖുർആനിൽ ഒരു വിശ്വാസിയോട് അല്ലാഹു പ്രത്യേകമായി പറഞ്ഞിരിക്കുന്നത്, നീ എന്നിലേക്ക് വരിക എന്നതാണ്. വിശുദ്ധഖുർആനിൽ ഒരു വിശ്വാസിക്ക് നിർബന്ധമാക്കിയിരിക്കുന്ന കാര്യങ്ങൾ നാം ചെയ്യുക. ഇതിനാണ് പ്രവാചകന്മാർ വരുന്നത്. പ്രവാചകന്മാരുടെ പ്രവർത്തനത്തെ മുന്നോട്ട് നയിക്കാനാണ് ഔലിയാക്കൾ വരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ആഗമനോദ്ദേശ്യവും ഇതുതന്നെയാണ്

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

സൗമ്യതയും സൽസ്വഭാവവും സഹാനുഭൂതിയും മുഖേന വഴി തെറ്റിപ്പോയ മാനവസമൂഹത്തെ നേർമാർഗ്ഗത്തിലേക്ക് വലിച്ചുകൊണ്ടു വരുന്നതിനാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്. എനിക്ക് നൽകപ്പെട്ട പ്രകാശം മുഖേന ജനങ്ങളെ നേർവഴിയിൽ നടത്തുവാനുമാണ് ഞാൻ അയക്കപ്പെട്ടത്.

വീണ്ടും പറയുന്നു:

വിശ്വാസം ദൃഢപ്പെടുത്തുവാനും അല്ലാഹുവിന്റെ അസ്തി ത്വം ജനങ്ങൾക്കിടയിൽ സ്ഥാപിക്കാനുംവേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്. കാരണം എല്ലാ സമൂഹത്തിന്റെയും വിശ്വാസം ബലഹീനമായിരിക്കുന്നു. പരലോകം വെറും കെട്ടുകഥയായി അവശേഷിച്ചിരിക്കുന്നു. മനുഷ്യൻ അവന്റെ പ്രവർത്തനത്തിലൂടെ തെളിയിച്ചു കാട്ടുന്നത്, അവന് ഭൗതികവസ്തുക്കളിലുള്ളത്ര വിശ്വാസവും ഭൗതിക കഴിവുകളിലുള്ള ആശ്രയവും, അല്ലാഹുവിലോ പരലോകത്തിലോ ഇല്ല എന്നാണ്. നാവിൽ പല വാദങ്ങളുമുണ്ടെങ്കിലും ഹൃദയം ഭൗതികപ്രേമത്തിൽ മത്ത് പിടിച്ചിരിക്കുകയാണ്. സത്യത്തിന്റെയും വിശ്വാസത്തിന്റെയും സുവർണ്ണകാലം വീണ്ടും സമാഗതമാകുന്നതിനും ഹൃദയത്തിൽ തഖ്‌വ നിലനാട്ടുന്നതിനുമാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്.

വിശുദ്ധഖുർആന്റെ അദ്ധ്യാപനം യഥാർത്ഥരൂപത്തിൽ ഇന്നും നിലനിന്നിട്ടും ഹൃദയങ്ങളിൽനിന്നും അതിന്റെ സ്വാധീനം അപ്രത്യക്ഷമായിരിക്കുന്നു. ലോകം അല്ലാഹുവിനെ മറക്കുന്ന ഒരു കാലം വന്നാൽ, അല്ലാഹുവിനെ വിട്ടുകൊണ്ട് പ്രപഞ്ചത്തിൽ ആശ്രയം കണ്ടെത്തുന്ന കാലം സമാഗതമായാൽ അല്ലാഹുവിന്റെ മഹത്വം വീണ്ടും ലോകത്ത് സ്ഥാപിക്കുന്നതിന് വേണ്ടി തന്റെ വരിഷ്ഠദാസരെ അയക്കുക എന്നത് അല്ലാഹുവിന്റെ മുമ്പേയുള്ള നടപടിച്ചട്ടമാണ്. വിശുദ്ധഖുർആനിൽ മുൻകാല സമൂഹങ്ങളുടെ ചരിത്രങ്ങൾ എടുത്തു പറഞ്ഞത് ഇതെല്ലാം മനസ്സിലാക്കി നാം ജാഗരൂകരായിരിപ്പാനാണ്. നാം നമ്മുടെ ജീവിത ലക്ഷ്യം മറക്കാതിരിക്കാനാണ്. ജീവിതലക്ഷ്യം എന്നത് ദൈവത്തെ ആരാധിക്കലാണ്.

വിശുദ്ധഖുർആനിൽ പറയപ്പെട്ട സംഭവങ്ങൾ പ്രവചനങ്ങൾ കൂടിയാണെന്ന് മനസ്സിലാക്കണം. ഭാവിയിലും ഇങ്ങനെയുള്ള അവ

സ്ഥകൾ വന്നേക്കാം. ഇന്നത്തെ ലോകത്തിന്റെ അവസ്ഥ നമ്മോട് വിളിച്ചു പറയുന്നത് ഇത് നൂറു ശതമാനം ശരിയാണെന്നാണ്. ഇപ്പോൾ മുസ്ലിംകൾ പോലും അല്ലാഹുവിനെ മറന്നുകൊണ്ട് തങ്ങളുടെ പരിശ്രമവും താൽപര്യവും എല്ലാം ഭൗതികവസ്തുക്കൾ കരസ്ഥമാക്കുന്നതിലേക്ക് തിരിച്ചു വിട്ടിരിക്കുകയാണ്.

ചുരുക്കത്തിൽ 1500 വർഷം മുമ്പ് തിരുനബി (സ) യിൽ അവതരിപ്പിക്കപ്പെട്ട വിശുദ്ധഖുർആന്റെ അധ്യാപനങ്ങൾ ലോകത്ത് നടപ്പിൽ വരുത്തുന്നതിന് വേണ്ടിയാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) അയക്കപ്പെട്ടത്. വിശുദ്ധഖുർആനിൽ അല്ലാഹുവിനെ ആരാധിക്കുന്നതിനെക്കുറിച്ചും അവനോടുള്ള കടമകൾ നിറവേറ്റുന്നതിനേക്കുറിച്ചും പറഞ്ഞതോടൊപ്പം സമൂഹത്തിൽ പരസ്പരമുള്ള കടമകൾ നിറവേറ്റേണ്ടതിനെക്കുറിച്ചും പറയുന്നുണ്ട്. ഇവയെല്ലാം ദൈവപ്രീതി കരസ്ഥമാക്കുന്നതിനായി നിറവേറ്റുക എന്ന പാഠമാണ് അത് നൽകുന്നത്. ഒരു വിശ്വാസി തന്റെ കടപ്പാടുകൾ നിറവേറ്റുന്നതിന്ന് തന്റെ സർവ്വതും മറ്റുള്ളവർക്ക് നൽകാൻ തയ്യാറാകുന്നു. കാരണം ദൈവപ്രീതിയാണ് അവൻ ആഗ്രഹിക്കുന്നത്. അല്ലാഹുവിന്റെ സാമീപ്യം ഇതുമുഖേന തനിക്ക് ലഭിക്കുമെന്നും ഈ ബന്ധം കാരണം ആപൽഘട്ടങ്ങളിൽ അല്ലാഹു തന്നെ സഹായിക്കുമെന്നും അവൻ വിശ്വസിക്കുന്നു.

തിരുനബി (സ) യുടെ വിശുദ്ധീകരണശക്തിയാൽ ഉടലെടുക്കപ്പെട്ട ആദ്യകാല മുസ്ലിം സമൂഹം എത്രമാത്രം ഉന്നതനിലവാരം പുലർത്തിയതായിരുന്നു എന്ന് നോക്കൂ. അവരുടെ അഭയകേന്ദ്രം അല്ലാഹു മാത്രമായിരുന്നു. അവരുടെ ലക്ഷ്യം ദൈവപ്രീതിയും. ഒരു സ്വഹാബി തന്റെ വസ്തുവിന് ഒരു വില നിജപ്പെടുത്തുന്നു. എന്നാൽ വാങ്ങാൻ വന്ന സഹാബി പറയുന്നത്, അയാൾ ഇതിന്റെ വില വളരെ കുറച്ചാണ് നിശ്ചയിച്ചിരിക്കുന്നത് എന്നാണ്. അങ്ങാടിയിൽ ഇതിന് നല്ല വിലയുണ്ടിപ്പോൾ. എന്നാൽ കച്ചവടക്കാരൻ പറയുന്നത്, താൻ ഇത് ഗ്രാമത്തിൽ നിന്നാണ് കൊണ്ടുവന്നത് അവിടെ ഇത്രയേ വിലയുള്ളൂ. അതുകൊണ്ട് താൻ ഈ വിലയെ ഈടാക്കുകയുള്ളൂ എന്നാണ്. കൂടുതൽ വിലവാങ്ങി അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ കവാടം തന്നിൽ കൊട്ടിയടക്കാൻ താൻ ആഗ്രഹിക്കുന്നില്ല. വാങ്ങുന്നവൻ പറയുന്നു. കുറഞ്ഞ വില നൽകി തന്നിൽ അല്ലാഹുവിന്റെ കൃപയുടെ കവാടം കൊട്ടിയടക്കാൻ താനും ആഗ്രഹിക്കുന്നില്ല. അങ്ങനെ ഈ സംസാരം ചർച്ചയിലേക്ക് നീങ്ങുകയാണ്. ഇരുവരും അവരവരുടെ കാര്യത്തിൽ ഉറച്ചു നിൽക്കുകയാണ്. താത്കാലികമായ ലാഭത്തിനുവേണ്ടി അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്നും എന്തിന് തങ്ങൾ അകറ്റപ്പെടേണമെന്നാണ് ഇരുവരും ചോദിക്കുന്നത്.

ചുരുക്കത്തിൽ ഇങ്ങനെയുള്ള ഒരു സമൂഹത്തെക്കെട്ടിപ്പടുക്കാനാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ആഗതനായിരിക്കുന്നത്. ഇങ്ങനെയുള്ള ഒരു നവസമൂഹത്തിന്റെ നിർമ്മാണത്തിന് നാം എന്ത് പങ്കാണ് വഹിക്കുന്നത് എന്ന് ഓരോ അഹ്മദിയും ആത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു. അല്ലാഹുവിനെ വലിയാക്കാൻ (സുഹൃത്താക്കാൻ) നാം ശ്രമിക്കുന്നുണ്ടോ? അതോ ഭൗതികമായ സ്ഥാനമാനങ്ങളെയോ ബന്ധങ്ങളെയോ ആണോ നാം നമ്മുടെ വലിയാക്കുന്നത്? നമ്മുടെ ഓരോ പ്രവർത്തനവും തന്നെ അല്ലാഹുവി ന്റെ പ്രീതിക്കായി നാം ചെയ്യുന്നില്ലെങ്കിൽ അന്യദൈവങ്ങളുമായുള്ള ബന്ധം പൂർണ്ണമായും വിച്ഛേദിക്കപ്പെടുന്നില്ലെങ്കിൽ നാം യഥാർത്ഥ വിശ്വാസികളാണെന്ന് പറയാൻ കഴിയില്ല. അല്ലാഹുവിന്റെ പ്രീതി പൂർണ്ണമായും നാം നമ്മിൽ നടപ്പിൽ വരുത്താൻ ആഗ്രഹിക്കുന്നില്ലെങ്കിൽ ചിലന്തി വലയിൽ അഭയം തേടുന്നവരായി നാം മാറുന്നതാണ്.

വിശ്വാസികളാണെന്നാണ് നമ്മുടെ വാദം. എന്നാൽ അല്ലാഹുവിനെ രക്ഷാകവചമായി നാം സ്വീകരിച്ചിട്ടില്ല. ചുരുക്കത്തിൽ, നമ്മുടെ ഓരോ പ്രവർത്തനവും അനക്കമടക്കവും എല്ലാം ദൈവപ്രീതിക്കനുഗുണമാക്കിയാൽ മാത്രമേ അല്ലാഹുവിനെ യഥാർത്ഥത്തിൽ നാം നമ്മുടെ രക്ഷാകവചമായി സ്വികരിച്ചിരിക്കുന്നു എന്ന് പറയാൻ സാധിക്കുകയുള്ളൂ. അല്ലാഹുവുമായി നമുക്കൊരു ബന്ധം ഉണ്ടായിത്തീരണം. മറ്റെല്ലാ സ്നേഹത്തെക്കാളും അല്ലാഹുവിനോടുള്ള സ്നേഹം മുന്തി നിൽക്കേണ്ടതാണ്. പീർമാരുടെയും വലിമാരുടെയും കഥകൾ കേൾക്കുന്നവർ മാത്രമായിരിക്കില്ല നാം. മറിച്ച് നമ്മുടെ എല്ലാ പ്രവർത്തനവും ദൈവപ്രീതിക്കനുഗുണമായി ചെയ്യുന്ന തരത്തിൽ നമ്മുടെ ആത്മീയ അവസ്ഥ എത്തിയിരിക്കണം. അങ്ങനെ അല്ലാഹുവുമായി നമുക്ക് ഒരു സുദൃഢ ബന്ധം സ്ഥാപിക്കാൻ സാധിക്കുന്നതാണ്. അതുകൊണ്ടാണ് വാഗ്ദത്തമസീഹ് തന്റെ ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് പറഞ്ഞിട്ടുള്ളത്. **നിങ്ങൾ വലിമാരാകുക. വലി പൂജകരായി മാറരുത്.** ദുആ ചെയ്യിപ്പിക്കണം എന്ന ഒരൊറ്റ കാരണം കൊണ്ടായിരിക്കരുത് ദൈവഭക്തരുമായുള്ള നിങ്ങളുടെ ബന്ധം. അതല്ലെങ്കിൽ ഈ ആളുടെ ദുആ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ എന്ന് കരുതി ആരുടെയെങ്കിലും പിന്നാലെ കൂടരുത്. ചിലർ ഇങ്ങനെ പിൻപറ്റിക്കൊണ്ട് സ്വയം ദുആ ചെയ്യുകയോ നിസ്കരിക്കുകയോ ഒന്നും ചെയ്യാതെ ഈ ഭക്തനുമായി തങ്ങൾ ബന്ധം സ്ഥാപിച്ചിരിക്കുന്നു, അത് മതി എന്ന് പറയുന്നു. ഓരോരുത്തരുടെയും ഭക്തി എന്തുമാത്രമുണ്ടെന്ന് അല്ലാഹുവിന്നെ അറിയുകയുള്ളൂ. എന്നാൽ ആരെങ്കിലും താൻ ദൈവത്തിന്റെ അടുത്ത വ്യക്തിയാണ് എന്ന് കരുതി താൻ ദുആ ചെയ്താൽ നിന്റെ കാര്യങ്ങളെല്ലാം സാധിക്കും എന്ന് പറയുകയും അല്ലാഹുവുമായി ബന്ധം സ്ഥാപിക്കാൻ തന്റെ അടുത്ത് വരുന്നവരെ ഉപദേശിക്കുകയും ചെയ്യുന്നില്ലെങ്കിൽ, അങ്ങനെയുള്ളവരിൽ ഒരുതരം അഹങ്കാരമുണ്ടെന്നതിൽ സംശയമില്ല. അനഹ്മദികളിൽ ഏലസ്കെട്ടലും, മന്ത്രിച്ചൂതലും എല്ലാം ഉണ്ട്. ഇതെല്ലാം ബിദ്അത്തുകളാണ്. അതുകൊണ്ട് ആരെയെങ്കിലും ആശ്രയിച്ചു കഴിയുന്നതിനു പകരം ഒരു വിശ്വാസി ചെയ്യേണ്ടത് അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുകയും അങ്ങനെ അവന്റെ വലിയായിത്തീരുകയും ചെയ്യുക എന്നതാണ്. ഇന്ന ആളുടെ ദുആ മാത്രമേ സ്വീകരിക്കുകയുള്ളൂ എന്ന് കരുതി ഏതെങ്കിലും വ്യക്തിയുടേയോ ഭക്തരുടേയോ അടുത്ത് പോകരുത്. തന്റെ ചില ദുആകൾ സ്വീകരിക്കപ്പെട്ടതുകൊണ്ട് തനിക്ക് അല്ലാഹുവുമായി പ്രത്യേകബന്ധം സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന അഹന്തയിൽ അകപ്പെട്ടുപോകയുമരുത്. യഥാർത്ഥ വലിമാരിൽ വിനയവും ഭവ്യതയും ഉണ്ടാകും. അഹ്മദിയ്യാ ജമാഅത്തിലുള്ളവർ വ്യക്തമായി മനസ്സിലാക്കേണ്ടത് ഖിലാഫത്തുമായി സുദൃഢബന്ധമുള്ളവരാണ് ഇതിലുള്ള വലിമാർ എന്നാണ്. അല്ലാഹുവുമായി ബന്ധം സ്ഥാപിച്ചവരും ദുആ സ്വീകരിക്കപ്പെടുന്നവരുമായ എത്രയോ പേർ ജമാഅത്തിൽ കഴിഞ്ഞുകടന്നുപോയിട്ടുണ്ട്. ഹദ്റത്ത് ഗുലാം റസൂൽ സാഹിബ് രാജകീ (റ), അദ്ദേഹം തന്റെ ആത്മകഥപോലും എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന് അല്ലാഹുവുമായി പ്രത്യേക ബന്ധം ഉണ്ടായിട്ടും അദ്ദേഹത്തിന്റെ പ്രാർത്ഥന സ്വീകാര്യതയുടെ എത്രയോ സംഭവങ്ങൾ വിവരിക്കപ്പെട്ടിട്ടും അദ്ദേഹത്തോട് ആരെങ്കിലും ദുആ ചെയ്യാൻ പറഞ്ഞാൽ അദ്ദേഹം പറയാറുള്ളത് ഖലീഫത്തുൽ മസീഹുമായി സുദൃഢബന്ധം സ്ഥാപിക്കുക, അദ്ദേഹത്തോട് ദുആക്ക്വേണ്ടി അപേക്ഷിക്കുക, സ്വയം ദുആ ചെയ്യുകയും ചെയ്യുക എന്നാണ് . ഇതാണ് യഥാർത്ഥ വിലായത്ത്. ഇത് വിനയത്തിലേക്ക് നയിക്കുന്നതാണ്.

ഇങ്ങനെയുള്ള വലിയാകാനാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മെ ഉപദേശിച്ചിരിക്കുന്നത്. എപ്പോഴും നിങ്ങളുടെ അഭയകേന്ദ്രം അല്ലാഹു ആയിരിക്കണം. ഏതെങ്കിലും വിഷമഘട്ടം വന്നാൽ പീർമാരുടേയും ഫഖീർമാരുടേയും സന്നിധിയിൽ ചെന്ന് ദുആ ചെയ്യിപ്പിക്കലല്ല. മറ്റുള്ളവരിൽ ഈ രീതി കണ്ടുവരുന്നു. എന്നാൽ ജമാഅത്തിൽ ഇത് ഇല്ല. അല്ലാഹു എപ്പോഴും ഈ ബിദ്അത്തിൽ നിന്നും ജമാഅത്തിനെ സംരക്ഷിച്ചു നിറുത്തുമാറാകട്ടെ.

ദുആക്ക് വേണ്ടി അപേക്ഷിക്കുക എന്നത് തെറ്റല്ല. മുഅ്മിനിംകൾ പരസ്പരം ദുആ ചെയ്യണം. ദുആക്ക് വേണ്ടി പറയുകയും വേണം. എന്നാൽ അതോടൊപ്പം സ്വയം ദുആ ചെയ്യുകയും വേണം. വിഷമഘട്ടങ്ങളിൽ മാത്രം പോരാ. എപ്പോഴും അല്ലാഹുവുമായി ഒരു ബന്ധം നിലനിർത്തണം. അതാണ് അല്ലാഹുവിനെ വലിയാക്കി നിർത്തുന്നത്. ഈ ഒരവസ്ഥ കരസ്ഥമാക്കിയാൽ മാത്രമേ അല്ലാഹുവിന്റെ സംരക്ഷണത്തിൽ വരാൻ മനുഷ്യൻ ശ്രമിച്ചു എന്നും അന്യരുടെ സംരക്ഷണത്തിൽ വരാൻ ശ്രമിച്ചിട്ടില്ല എന്നും പറയാൻ സാധിക്കുകയുള്ളൂ.

അല്ലാഹുവിന്റെ സംരക്ഷണം എന്തിന് അന്വേഷിക്കണം എന്നും മറ്റുള്ളവയെ എന്തിന് തള്ളിക്കളയണം എന്നും ഉള്ള കാര്യം വിവരിച്ചുകൊണ്ട് വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു.

قُلْ اَغَيْرَ اللّٰهِ اَتَّخِذُ وَلِيًّا فَاطِرِ
السَّمٰوٰتِ وَالْاَرْضِ وَهُوَ يُطْعِمُ وَلَا
يُطْعَمُ ؕ قُلْ اِنِّيْٓ اُمِرْتُ اَنْ اَكُوْنَ اَوَّلَ
مَنْ اَسْلَمَ وَلَا تَكُوْنَنَّ مِنَ الْمُشْرِكِيْنَ ﴿١٥﴾ (6:15)

പറയുക, ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടികർത്താവായ അല്ലാഹുവിനെയല്ലാതെ മറ്റാരെയെങ്കിലും ഞാൻ സംരക്ഷാധികാരിയായി സ്വീകരിക്കുകയോ? അവനാകട്ടെ (എല്ലാവർക്കും) ആഹാരം നൽകുന്നു. അവന് ആഹാരം നൽകപ്പെടുന്നുമില്ല. പറയുക, അനുസരണം പുലർത്തുന്നവരിൽ ഒന്നാമൻ ഞാനാകണമെന്ന് എന്നോട് ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. നീ ഒരിക്കലും ബഹുദൈവവിശ്വാസികളിൽ പെട്ടുപോകരുതെന്നു (എന്നോട് താക്കീതു ചെയ്യപ്പെട്ടിരിക്കുന്നു) (6:15)

ആകാശ ഭൂമികളുടെ ഉടമസ്ഥൻ അല്ലാഹുവാണ്. ഉടമസ്ഥനെ വിട്ടുകൊണ്ട് അവന്റെ കീഴിലുള്ളവരെ സഹായത്തിനായി വിളിക്കുക എന്നത് എന്ത് മാത്രം ഭോഷത്തരമാണ് ! ആകാശഭൂമികളെ സൃഷ്ടിച്ച അല്ലാഹുവിനെ വിട്ടുകൊണ്ട് അതിലുള്ള സൃഷ്ടികളെ ആശ്രയിക്കുക എന്നതും ദൈവേതരങ്ങളിൽ ആശ്രയം കണ്ടെത്തുക എന്നതും എന്തുമാത്രം വിഢ്ഢിത്തമാണ് ! അല്ലാഹു പ്രപഞ്ചത്തെ സൃഷ്ടിച്ചതിനുശേഷം വെറുതെ വിട്ടുകളഞ്ഞിട്ടില്ല. അവൻ പറയുന്നു. ജീവിതം നിലനിൽക്കുന്നതിന്നാവശ്യമായ ഭക്ഷണത്തിന്റെ സംവിധാനവും അവൻ ഒരുക്കിയിട്ടുണ്ട്. ജീവിക്കാനാവശ്യമായ വസ്തുക്കൾ അല്ലാഹു ഇവിടെ നിർമ്മിച്ചിട്ടുള്ളത് കൊണ്ട് മറ്റുള്ളവരുടെ സമ്പത്തും പണവും കണ്ട് അതിൽ വീഴുന്നതും അധികാരവും സ്വാധീനവും കണ്ട് അതിൽ ലയിച്ചുപോകുന്നതും തീർച്ചയായും വങ്കത്തരമാണ്. അല്ലാഹുവിനെ വിട്ടുകൊണ്ട് ആരുടെ സന്നിധിയിലാണോ മനുഷ്യൻ തങ്ങളെ സമർപ്പിക്കുന്നത് അവർ സൃഷ്ടികളായത് കൊണ്ട് അവരും അല്ലാഹുവിനെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ആശ്രിതനെ ആശ്രയിക്കുന്നതിനു പകരം ഈ ആശ്രിതർക്ക് ആശ്രയം നൽകുന്നവനെ ആശ്രയിക്കുന്നതല്ലേ ബുദ്ധി? നിങ്ങൾ ഭൗതികമായ ഏതു ശക്തികളുടെ കാൽക്കലാണോ വീഴുന്നത് അവർ ആരെയാണോ ആശ്രയിക്കുന്നത് അവൻ നിങ്ങളോട് പറയുന്നത് നിങ്ങൾ എന്റെ അടുത്തേക്ക് വരിക, എന്നോട് ചോദിക്കുക ഞാൻ നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിത്തരാം എന്നാണ്. അത് കൊണ്ട് അവനെ നേരിട്ട് വിളിക്കുക. തുടർന്ന് ആയത്തിൽ പറയുന്നു. അല്ലാഹുവിന്ന് ആരും ഭക്ഷണം നൽകുന്നില്ല. അവനാണ് രാജാധിരാജൻ. അവന്റെ സൃഷ്ടികൾ സ്രഷ്ടാവായ അവന് എന്ത് നൽകാനാണ്? ഇതിന്റെ ശരിയായ അർത്ഥം അവന് ഭക്ഷണത്തിന്റെ ആവശ്യം തന്നെയില്ല എന്നാണ്. അവന്റെ നിലനിൽപ്പ് നിങ്ങളുടെ നിലനിൽപ്പുപോലെ ഭൗതികവസ്തുക്കളാലല്ല. അവന്ന് ഭക്ഷണത്തിന്റെയോ വസ്ത്രത്തിന്റെയോ മറ്റു വസ്തുക്കളുടെയോ ആവശ്യമില്ല. ഈ ഭൗതിക ആവശ്യങ്ങൾ മനുഷ്യനുമായി ബന്ധപ്പെട്ടതാണ്. അല്ലാഹുവുമായി ബന്ധപ്പെട്ടതല്ല. ഈ എല്ലാ വസ്തുക്കളും നൽകുന്നവന്റെ സന്നിധാനം വിട്ട്കൊണ്ട് മറ്റെവിടേക്കാണ് ഒരു വിശ്വാസിക്ക് പോകാൻ സാധിക്കുക? അതുകൊണ്ട് ഇങ്ങനെയുള്ള ദൈവത്തിന്റെ സംരക്ഷണത്തിൽ വരാനാണ് ഓരോ വിശ്വാസിയും ശ്രമിക്കേണ്ടത്. ഈ ദൈവത്തെ ആരാധിക്കലാണ് തന്റെ ജീവിതലക്ഷ്യം എന്ന് ഓരോ വിശ്വാസിയും മനസ്സിലാക്കണം. ഇങ്ങനെയുള്ള ദൈവത്തിന്റെ സമക്ഷം തന്റെ ആവശ്യങ്ങൾ സമർപ്പിക്കലാണ് ബുദ്ധി എന്ന് ഒരു മനുഷ്യൻ മനസ്സിലാക്കേണ്ടതാണ്.

അതുകൊണ്ട് അല്ലാഹുവിനെ പരിപൂർണ്ണമായി അനുസരിക്കുകയല്ലാതെ മറ്റൊരു വഴിയുമില്ല. ഇങ്ങനെ അനുസരണം പുലർത്തുന്നവരാണ് ഔലിയാക്കൾ. അവരെക്കാളും ഉയർന്ന പദവിയാണ് അമ്പിയാക്കളുടേത്. ഈ ഒരു സ്ഥാനം കരസ്ഥമാക്കിക്കഴിഞ്ഞാൽ അതിൽ നിലനിൽക്കുവാനും അല്ലാഹുവിന് കൃതജ്ഞതയുള്ളവരായിത്തീരാനും അല്ലാഹു ഹദ്റത്ത് യൂസുഫ് (അ) നെ എടുത്തുദ്ധരിച്ചുകൊണ്ട് ഒരു ദുആ നമ്മെ പഠിപ്പിക്കുന്നു. പറയുന്നു.

فَاطِرَ السَّمٰوٰتِ وَالْاَرْضِ ۟ اَنْتَ وَلِيّٖ فِي الدُّنْيَا وَالْاٰخِرَةِ ۚ
تَوَفَّنِيْ مُسْلِمًا وَّاَلْحِقْنِيْ بِالصّٰلِحِيْنَ ﴿١٠٢﴾ (12:102)

ആകാശങ്ങളുടെയും ഭൂമിയുടേയും സൃഷ്ടാവേ ! ഇഹത്തിലും പരത്തിലും നീ എന്റെ രക്ഷാകർത്താവാണ്. എന്നെ നീ അനുസരണമുള്ളവനായി മരിപ്പിക്കുകയും സുകൃതവാന്മാരോടൊപ്പം എന്നെ ഉൾപ്പെടുത്തുകയും ചെയ്യേണമേ.

അല്ലാഹുവിന്റെ വലിമാർക്ക് സുഖജീവിതമോ ദുർഘടഘട്ടങ്ങളോ ഒന്നും തന്നെ അല്ലാഹുവിനെ മറക്കുന്നതിന് കാരണമായിത്തീരുന്നില്ല. എല്ലാ അവസ്ഥയിലും അവർ അല്ലാഹുവിനെ ഓർത്തുകൊണ്ടിരിക്കും. അതിൽ നിലനിൽക്കാൻ വേണ്ടി മുകളിലെ ദുആ അവർ എപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നതുമാണ്. ആത്മീയ ഉന്നമനത്തിന്ന് വേണ്ടിയും അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിന് വേണ്ടിയും നാമും ഈ ദുആ ചെയ്യുന്നതിന്നാണ് ഇത് വിശുദ്ധ ഖുർആനിൽ എടുത്ത് കൊടുത്തിട്ടുള്ളത്. ഭൗതികവിജയങ്ങൾ നമ്മെ അല്ലാഹുവിൽ നിന്നും അകറ്റുന്നതായി മാറരുത്. പരീക്ഷണങ്ങളും പ്രയാസങ്ങളും അല്ലാഹുവിന്റെ അസ്തിത്വത്തെ തൊട്ട് നമ്മെ നിരാശരാക്കുകയുമരുത്. എപ്പോഴും നാം ദുആ ചെയ്യേണ്ടത്

അല്ലാഹു അനുസരണശീലരിൽ ഉൾപ്പെടുത്തിക്കൊണ്ട് നമുക്ക് മരണം നൽകട്ടേ എന്നാണ്. എപ്പോഴും നാം സാത്ത്വികരിലും അല്ലാഹുവിന്റെ വലിമാരിലും ഉൾപ്പെടുന്നവരായിത്തീരട്ടെ. എങ്ങനെ ദുആ ചെയ്യണമെന്നും വലിയായിത്തീരാൻ ഏതു രീതിയിൽ പ്രവർത്തിക്കണമെന്നും അല്ലാഹു നമുക്ക് പഠിപ്പിച്ചുതരുന്നു. എങ്ങനെ നിങ്ങൾക്ക് ദൈവവുമായി അടുക്കാൻ സാധിക്കും? അല്ലാഹു നിങ്ങളുടെ ദുആ കേൾക്കുന്നു. തന്റെ സാമീപ്യം നൽകി അനുഗ്രഹിക്കുന്നു. സൂറാ ത്വാഹായിൽ ഇതു സംബന്ധമായി അല്ലാഹു പറയുന്നുണ്ട്. ഭൗതിക വസ്തുക്കൾ കണ്ടു കൊണ്ട് അതിലേക്ക് നിങ്ങളുടെ താത്പര്യം പോകരുത്. കാരണം അത് താത്കാലികം മാത്രമാണ്. നിങ്ങൾ അല്ലാഹുവിന്റെ വലിയായിത്തീരാൻ ശ്രമിക്കുക. ഭൗതിക അത്യാർത്തി കാരണം ഭൗതികരോട് കൂട്ട്കൂടാതിരിക്കുക. അല്ലാഹുവിനെപ്പോലും മറക്കുന്ന നിലയിൽ നിങ്ങൾ ഭൗതികസമ്പത്തിൽ കമഴ്ന്ന് വീഴരുത്. ഇന്ന് നിങ്ങളെ ആനന്ദിപ്പിക്കുന്ന ഈ ഭൗതിക സമ്പത്ത് അതിന്റെ പര്യവസാനം മോശമാണെന്ന് മനസ്സിലാക്കുക.

ഭൗതിക സമ്പത്തിന്റെ അത്യാർത്തിയാണ് ഇന്ന് ലോകത്തെ രണ്ട് ചേരികളാക്കി വിഭജിച്ചിരിക്കുന്നത്. ഈ വിഭജനം ഇല്ലാതാക്കാൻ ശ്രമിച്ചെങ്കിലും വലിയ ഫലം ചെയ്തില്ല. സോവിയറ്റ് യൂണിയൻ തകർന്നു. സ്റ്റേറ്റുകളായി മാറി. വീണ്ടും ചേരികളായിത്തീരാൻ തുടങ്ങിയിരിക്കുന്നു. പാകിസ്താനിലും അഫ്ഗാനിസ്ഥാനിലും സമാധാനം സ്ഥാപിക്കാൻ എന്ന പേരിൽ വൻശക്തികൾ നടത്തുന്ന പ്രവർത്തനങ്ങൾ യഥാർത്ഥത്തിൽ ഇവരോടുള്ള സഹാനുഭൂതി കാരണമൊന്നുമല്ല. മറിച്ച് തങ്ങളുടെ ശക്തി നിലനിറുത്തുന്നതിനും അയൽരാജ്യങ്ങളുടെ ശക്തി ഉപയോഗിക്കുന്നതിനും വേണ്ടിയാണ്. അവസാനം ഇത് തന്നെയായിരിക്കും അന്തിമഫലം എന്ന് ലോകം കാണാൻ പോകുകയാണ്. ഇന്ന് ലോകശക്തികൾ തമ്മിലുള്ള പോരാട്ടം, ഇതിന്റെയും പരിണതഫലം വളരെ ഭയാനകമായിരിക്കും. ഇതിന് വേണ്ടിയും അഹ്മദികൾ കൂടുതലായി പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. മുസ്ലിംകളോട് പറയുന്നത്, നിങ്ങൾ അവരുടെ സമ്പത്തിലോ ഇന്നുള്ള അവസ്ഥയിലോ ആശ്രയം കണ്ടെത്താതിരിക്കുക. അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നതിലൂടെ മാത്രമേ നിങ്ങൾക്ക് വിജയം ലഭിക്കുകയുള്ളൂ. അതിനുള്ള മാർഗ്ഗം ഇതാണ്.

وَأْمُرْ أَهْلَكَ بِالصَّلٰوةِ وَاصْطَبِرْ عَلَيْهَا ۖ لَا نَسْأَلُكَ رِزْقًا ۖ نَحْنُ نَرْزُقُكَ ۗ وَالْعَاقِبَةُ لِلتَّقْوٰى ﴿١٣٣﴾ (20:133)

നിന്റെ കുടുംബത്തോട് നിസ്കരിക്കുവാൻ നീ കൽപിച്ചുകൊണ്ടിരിക്കുക. നീയും അതിൻമേൽ സ്ഥിരചിത്തനായി നിലകൊള്ളുക. നാം നിന്നോട് ആഹാരം ആവശ്യപ്പെടുന്നില്ല. നാമാണ് നിനക്ക് ആഹാരം നൽകുന്നത്. നല്ല പരിണാമം സൂക്ഷ്മത പാലിക്കുന്നവർക്കുള്ളതാണ്. (20:133).

ആത്മീയനില മെച്ചപ്പെടുത്തുന്നതിനും അല്ലാഹുവുമായുള്ള ബന്ധം വർദ്ധിപ്പിക്കുന്നതിനും വേണ്ടി നിസ്കാരത്തിൽ സ്വയം ശ്രദ്ധിക്കുന്നതോടൊപ്പം കുടുംബത്തിലുള്ളവരോട് നിസ്ക്കരിക്കാൻ കൽപിക്കുകയും ചെയ്യുക. ഇത് അല്ലാഹുവിന്റെ കൽപനയാണ്. ഇവിടെയും ആഹാരത്തെക്കുറിച്ച് പറയുന്നു. രിസ്ഖ്, വിഭവങ്ങൾ അല്ലാഹുവിൽ നിന്നാണ് ശരിക്കും വരുന്നത്. ഒരു വിശ്വാസി അല്ലാഹുവിലേക്ക് തിരിയുമ്പോൾ അവന് അല്ലാഹു ഭൗതികവിഭവങ്ങൾ നൽകുന്നതോടൊപ്പം ആത്മീയവിഭവത്തിലും അവന് വർദ്ധനവ് ലഭിക്കുന്നു. അല്ലാഹുവുമായുള്ള അവന്റെ ബന്ധം വർദ്ധിക്കുന്നു. ഉള്ളത് കൊണ്ട് തൃപ്തിപ്പെടുന്ന ശീലം അവനിൽ ഉണ്ടായിത്തീരുന്നു. മറ്റുള്ളവരുടെ സമ്പത്തിൽ കണ്ണും നട്ടിരിക്കാതെ എപ്പോഴും അല്ലാഹുവിലേക്ക് കണ്ണും നട്ടിരിക്കുന്നു. ഈ ഒരവസ്ഥ ഉണ്ടായാൽ തഖ്വയിൽ വർദ്ധനവുണ്ടാകും. മുത്തഖിയുടെ എല്ലാ കാര്യത്തിലും അല്ലാഹു മതിയായവനായിത്തീരുന്നു. അവൻ പ്രതീക്ഷിക്കാത്ത സ്ഥലത്തു നിന്ന് അല്ലാഹു അവന് രിസ്ഖ് നൽകുന്നു. വിശുദ്ധ ഖുർആനിൽ ഇതും അല്ലാഹു പറഞ്ഞിട്ടുള്ളതാണ്. എപ്പോഴും അവൻ അല്ലാഹുവിന്റെ സംരക്ഷണത്തിലായിരിക്കും. മറ്റുള്ളവരുടെ സമ്പത്തിനെയോ ശക്തിയേയോ അവൻ തരിമ്പും വില കൽപ്പിക്കില്ല. അല്ലാഹു നമുക്കും നമ്മുടെ മക്കൾക്കും അവനുമായി പ്രത്യേക ബന്ധം സ്ഥാപിക്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ഈ ലക്ഷ്യം കരസ്ഥമാക്കുന്നതിന്നായി ഹദ്റത്ത് റസൂൽ (സ) ഒരു ദുആ പഠിപ്പിക്കുന്നുണ്ട്. ഹദീസിൽ അത് കാണുന്നു.

ഹദ്റത്ത് ഹസനുബ്നു അലി (റ) വിവരിക്കുന്നു. റസൂൽ (സ) ചില വചനങ്ങൾ എനിക്ക് പഠിപ്പിച്ചുതരികയുണ്ടായി. വിത്വ്റ് നമസ്കാരത്തിൽ ഈ വചനങ്ങൾ ചൊല്ലാൻ എന്നോട് പറഞ്ഞു. ആ വചനങ്ങൾ ഇപ്രകാരമാണ്:

അല്ലാഹുവേ, നീ നേർമാർഗ്ഗം നൽകിയവരിൽ എന്നെ ഉൾപ്പെടുത്തിക്കൊണ്ട് എനിക്ക് നീ നേർമാർഗ്ഗം നൽകേണമേ. നീ സൗഖ്യം നൽകിയവരിൽ ഉൾപ്പെടുത്തിക്കൊണ്ട് എനിക്ക് നീ സൗഖ്യം നൽകേണമേ. നീ സംരക്ഷണം നൽകിയവരിൽ എന്നെ ഉൾപ്പെടുത്തിക്കൊണ്ട് എനിക്ക് നീ സംരക്ഷണം നൽകേണമേ. നീ നൽകിയ വസ്തുക്കളിൽ എനിക്ക് അനുഗ്രഹം നൽകേണമേ. നീ വിധിച്ച കാര്യങ്ങളുടെ ദോഷഫലങ്ങളിൽ നിന്ന് എന്നെ നീ കാത്തുരക്ഷിക്കേണമേ. നിശ്ചയമായും നീയാണ് വിധികൽപ്പിക്കുന്നവൻ. നിനക്കെതിരിൽ വിധികൽപ്പിക്കപ്പെടുന്നില്ല. നീ മിത്രമാക്കിയവർ ഒരിക്കലും നിന്ദ്യരാവുകയില്ല. ഞങ്ങളുടെ നാഥാ! നീ അളവറ്റ അനുഗ്രഹമുടയവനും അത്യുന്നതനുമാകുന്നു.(സുനൻ തിർമ്മിതിയിലെ കിതാബുസ്സലാത്ത് എന്ന അദ്ധ്യായത്തിലാണിതുള്ളത്.)

ഈ ദുആയും നാം എപ്പോഴും ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: എന്റെ ജമാഅത്തിലുള്ളവരെല്ലാവരുംതന്നെ അല്ലാഹുവിനെ ഭയപ്പെടുന്നവരിൽ ഉൾപ്പെടാനും നമസ്കാരം നിലനിറുത്തുന്നവരിൽ ഉൾപ്പെടാനും രാത്രികളിൽ എഴുന്നേറ്റ് ഭൂമിയിൽ സുജൂദ് ചെയ്തുകൊണ്ട് കരയുന്നവരാകാനും അല്ലാഹുവിന്റെ കൽപനകൾ പാഴാക്കാത്തവരും പിശുക്കരും, അശ്രദ്ധരും, ഭൗതികകീടങ്ങളും ആകാതിരിക്കാനുംവേണ്ടി ഞാൻ വളരെയധികം ദുആ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്.

പറയുന്നു:

ജമാഅത്തിലുള്ളവരുടെ മാതൃക കണ്ടുകൊണ്ട് ജനങ്ങൾക്ക് അല്ലാഹുവിനെ ഓർമ്മ വരുന്ന ഒരു സമൂഹമാക്കി മാറ്റാനാണ് അല്ലാഹു ഈ ജമാഅത്തിനെക്കൊണ്ട് ഉദ്ദേശിക്കുന്നത്. മാത്രമല്ല, തഖ്വയുടേയും പരിശുദ്ധിയുടേയും പ്രഥമഗണത്തിൽ പെടുന്നവരായി ഇവർ മാറട്ടെ. ദീനിന് ദുൻയാവിനേക്കാൾ മുൻഗണന നൽകുന്നവരായി ഇവർ മാറട്ടെ.

വിശുദ്ധഖുർആന്റെ കൽപനകളുനുസരിച്ച് ജീവിക്കുന്നവരായി നാം മാറട്ടെ. അല്ലാഹുവിന്റെ അസ്തിത്വത്തിൽ എപ്പോഴും ആശ്രയം കണ്ടെത്തുന്നവരായി നാം മാറട്ടെ. ഭൗതിക അത്യാഗ്രഹങ്ങളിൽ നിന്നും നാം അകറ്റപ്പെടട്ടെ. മറ്റുള്ളവരുടെ അവകാശങ്ങൾ നൽകുന്നവരിൽ മുമ്പൻമാർ നാമാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ദുആയുടെ അനന്തരാവകാശികളായി നാം മാറട്ടെ. അല്ലാഹുവിന്റെ വലിയാകുന്നതിലേക്ക് ഓരോ നിമിഷവും നമ്മുടെ പ്രയാണം തുടർന്നുകൊണ്ടിരിക്കട്ടെ.

ഇവിടെ ഒരു കാര്യം ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ആദ്യം ഇതു സംബന്ധമായി ഓന്നോ രണ്ടോ കത്തുകളാണ് എനിക്ക് വന്നിരുന്നത്. ഇപ്പോൾ തുടർച്ചയായി കത്തുകൾ വരുന്നുണ്ട്. എന്റെ പേരും പറഞ്ഞ് യൂറോപ്പിലും മറ്റും ഒരു കുപ്രചാരണം നടക്കുന്നുണ്ട്. പന്നിപ്പനിക്കുള്ള പ്രതിരോധ കുത്തിവെപ്പ് ഗവൺമെന്റ് നടത്തുന്നതിനെ ഞാൻ തടഞ്ഞിട്ടുണ്ടെന്നാണ് കുപ്രചാരണം. ഞാൻ അങ്ങിനെയുള്ള ഒരു കാര്യവും പറഞ്ഞിട്ടേ ഇല്ല. എവിടെയെല്ലാം കുത്തിവെപ്പ് നടത്തപ്പെടുന്നുണ്ടോ, ആർക്കെല്ലാം കുത്തിവെപ്പ് നടത്തണം എന്ന് ഗവൺമെന്റ് പറഞ്ഞിട്ടുണ്ടോ അവരെല്ലാം കുത്തിവെപ്പ് നടത്തുക. ആരേയും തടഞ്ഞിട്ടില്ല. എന്റെ ഏത് കാര്യമെടുത്താണ് തെറ്റിദ്ധാരണ ഉണ്ടായത് എന്നറിയില്ല. അതല്ലെങ്കിൽ വെറുതെ അങ്ങ് അടിച്ചുവിട്ടതാണോ എന്നും അറിയില്ല. ഊഹാപോഹങ്ങൾ വർജ്ജിക്കേണ്ടതാണ്.

**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
**PHONE : 9497343704 email :mnasirkdr@gmail.com**

**EID KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 20 - 11 - 2009 at**
**Baithul Futuh**
**London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**